കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - നിലവിലുള്ള ടെണ്ടർ സമ്പ്രദായത്തിന് ഭേദഗതികൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

പൊതുമരാമത്ത് (എച്ച്) വകുപ്പ്

സ.ഉ (ആർ.റ്റി).നം.1245/2010/പൊ.മ.വ    തിരുവനന്തപുരം, തീയതി, 2/8/2010

==========================================================================

ഉത്തരവ്

പൊതുമരാമത്ത് വകുപ്പിൽ ദർഘാസുകൾ സമർപ്പിക്കുന്നതിന് നിലവിലുള്ള സമ്പ്രദായത്തിൽ താഴെപ്പറയുന്ന ഭേദഗതികൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) പൊതുമരാമത്ത് വകുപ്പിൽ ഇനി മുതൽ ടെണ്ടറുകൾ ക്ഷണിക്കുമ്പോൾ വകുപ്പിന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തേണ്ടതാണ്. പരസ്യത്തോടൊപ്പം മാതൃകാ ടെണ്ടർ ഫോമും ടെണ്ടർ ഷെഡ്യൂളും ഉൾപ്പെടുത്തേണ്ടതാണ്.

(ii) ടെണ്ടർ ഫോമും ടെണ്ടർ ഷെഡ്യൂളും കരാറുകാർക്ക് പൊതുമരാമത്ത് വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തു എടുക്കാവുന്നതും പൂരിപ്പിച്ച ടെണ്ടർ ആവശ്യമായ മറ്റു രേഖകൾ സഹിതം ബന്ധപ്പെട്ട ഓഫീസിൽ സമർപ്പിക്കാവുന്നതുമാണ്.

(iii) ടെണ്ടർ ഫോമിന്റെ നിശ്ചിത വില ബന്ധപ്പെട്ട എൻജിനീയർക്ക് മാറാവുന്ന വിധം ബാങ്ക് ഡിമാന്റ് ഡ്രാഫ്റ്റായി ടെണ്ടറിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ടെണ്ടർ ഫോമിന്റെ വിലയായി ചെക്കുകളോ മറ്റേതെങ്കിലും തരത്തിലുള്ള ഒടുക്കലുകളോ സ്വീകരിക്കുന്നതല്ല. ടെണ്ടറുകളും ഡ്രാഫ്റ്റും പോസ്റ്റ് അല്ലെങ്കിൽ അംഗീകൃത കൊറിയർ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ.

ഗവർണറുടെ ഉത്തരവിൻ പ്രകാരം.

എൻ. സുദർശനൻ പിള്ള
അഡീഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ & ഇ) / (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ചീഫ് എൻജിനീയർ (നിരത്തുകളും പാലങ്ങളും/ എൻ.എച്ച്/ ഭരണം/കെട്ടിടവിഭാഗം) പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗം, തിരുവനന്തപുരം
എല്ലാ സൂപ്രണ്ടിംഗ് എൻജിനീയർമാർക്കും/ എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും (ചീഫ് എൻജിനീയർ മുഖാന്തിരം)
സെക്രട്ടേറിയേറ്റ് പൊതുമരാമത്ത് വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
സ്റ്റോക്ക് ഫയൽ / ഒ.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ